No: 1176/3LLB/2013/TA.2/CEE

**കേരള സർക്കാർ**
**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**
**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തി നഗർ, തിരുവനന്തപുരം-695 001**

# വിജ്ഞാപനം

## 2013-14 ത്രിവൽസര എൽഎൽ.ബി കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷ

1. തിരുവനന്തപുരം, എറണാകുളം, തൃശൂർ, കോഴിക്കോട് എന്നീ സർക്കാർ ലോ കോളേജുകളിലേയും സംസ്ഥാന സർക്കാരുമായി കരാർ ഒപ്പിട്ട സ്വകാര്യ സ്വാശ്രയ ലോ കോളേജുകളിലേയും 2013-14 അദ്ധ്യയന വർഷത്തെ ത്രിവത്സര എൽ എൽ.ബി. കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് അപേക്ഷകൾ ക്ഷണിക്കുന്നു.

2. **പ്രവേശനത്തിനു വേണ്ട യോഗ്യതകൾ:**

**(1) നേറ്റിവിറ്റി:** അപേക്ഷകൻ ഇന്ത്യൻ പൗരൻ ആയിരിക്കണം

**(2) വിദ്യാഭ്യാസ യോഗ്യത**:

**(എ)** ഏതെങ്കിലും വിഷയത്തിൽ കേരളത്തിലെ ഏതെങ്കിലും ഒരു സർവ്വകലാശാലയുടെ ബിരുദമോ അല്ലെങ്കിൽ കേരളത്തിലെ ഏതെങ്കിലും സർവ്വകലാശാല തത്തുല്യമായി അംഗികരിച്ചിട്ടുള്ള മറ്റേതെങ്കിലും സർവ്വകലാശാലയുടെ ബിരുദമോ നേടിയിരിക്കണം.

**(ബി)** പ്രസ്തുത യോഗ്യതാ പരീക്ഷ എല്ലാ പാർട്ടുകളും കൂട്ടിചേർത്ത് ചുരുങ്ങിയത് **45%** മാർക്ക് നേടി പാസായിരിക്കണം. പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികൾ **40%** മാർക്ക് നേടിയാൽ മതിയാകും.

**(സി)** 2012-13 അദ്ധ്യയന വർഷം യോഗ്യതാ പരീക്ഷ എഴുതുന്നവർക്കും / എഴുതിയവർക്കും അപേക്ഷിക്കാം. അവർ അഡ്മിഷൻ സമയത്ത് യോഗ്യതാ പരീക്ഷ പാസായതിന്റെ സർട്ടിഫിക്കറ്റും പൂർണ്ണമായ മാർക്ക് ലിസ്റ്റും ഹാജരാക്കണം.

**(3) വയസ്സ്:** പ്രായപരിധി ഇല്ല

**(4) പ്രവേശന പരീക്ഷയിലെ യോഗ്യതാ മാനദണ്ഡം:** ത്രിവൽസര എൽ എൽ.ബി പ്രവേശന പരീക്ഷയിൽ യോഗ്യത നേടുന്നതിന് ജനറൽ/എസ്.ഇ.ബി.സി വിഭാഗക്കാർ കുറഞ്ഞത് 10 ശതമാനവും എസ്.സി/എസ്.ടി വിഭാഗക്കാർ കുറഞ്ഞത് 5 ശതമാനവും മാർക്ക് നേടിയിരിക്കണം.

3. **പ്രവേശന പരീക്ഷ:** തിരുവനന്തപുരം, എറണാകുളം, തൃശൂർ, കോഴിക്കോട് എന്നീ കേന്ദ്രങ്ങളിൽ വച്ച് **25.08.2013 ന് (ഞായർ)** രാവിലെ 10.00 മണി മുതൽ ഉച്ചയ്ക്ക് 1.00 മണി വരെ പ്രവേശന പരീക്ഷ നടത്തുന്നതാണ്. ഇതിന് ജനറൽ ഇംഗ്ലീഷ്, പൊതുവിജ്ഞാനം, നിയമ പഠനത്തിനുള്ള അഭിരുചി എന്നീ വിഷയങ്ങളെ ആസ്പദമാക്കി ഒബ്ജക്ടീവ് മാതൃകയിലുള്ള 200 ചോദ്യങ്ങളും മൂന്ന് മണിക്കൂർ ദൈർഘ്യവും ഉണ്ടായിരിക്കുന്നതാണ്.

4. **അപേക്ഷിക്കേണ്ട വിധം:** പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee.kerala.gov.in** എന്ന വെബ്സൈറ്റ് വഴി ഓൺലൈനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. ഇതിനായി **25.07.2013 മുതൽ 05.08.2013 വൈകുന്നേരം 5 മണി** വരെ വെബ്സൈറ്റിൽ സൗകര്യം ഉണ്ടായിരിക്കുന്നതാണ്. ഓൺലൈനായി അപേക്ഷിക്കുമ്പോൾ അപേക്ഷകൻ തന്റെ അടുത്ത കാലത്ത് എടുത്തതും **30 kb** ക്ക് താഴെ ഇമേജ് സൈസും, 150 x 200 പിക്സൽ വീതിയും ഉയരവും ഉള്ള വ്യക്തമായ പാസ്പോർട്ട് സൈസ് കളർ ഫോട്ടോ jpg ഫോർമാറ്റിൽ അപ്ലോഡ് ചെയ്യണം.

5. **അപേക്ഷാ ഫീസ്:** ജനറൽ/എസ്.ഇ.ബി.സി വിഭാഗത്തിന് **600** രൂപയും പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് **300** രൂപയും ആണ് അപേക്ഷാ ഫീസ്. കേരളത്തിൽ നിന്നുള്ള അപേക്ഷകർ ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ടിനോടൊപ്പം ലഭിക്കുന്ന ചെലാൻ ഉപയോഗിച്ച് എസ്.ബി.റ്റി യുടെ ഏതെങ്കിലും ഒരു ശാഖയിൽ അപേക്ഷ ഫീസ് ഒടുക്കേണ്ടതാണ്. കേരളത്തിനു പുറത്തുള്ള അപേക്ഷകർ ഏതെങ്കിലും ഒരു ദേശസാൽകൃത ബാങ്കിൽ നിന്നും പ്രവേശന പരീക്ഷാ കമ്മീഷണറുടെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന മേൽപറഞ്ഞ തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് അപേക്ഷയോടൊപ്പം സമർപ്പിക്കേണ്ടതാണ്. അപേക്ഷാ ഫീസ് യാതൊരു കാരണവശാലും തിരികെ നൽകുന്നതല്ല.

6. **<u>അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതിയും സമയവും:</u>** ഓൺലൈൻ ആയി സമർപ്പിച്ച അപേക്ഷയുടെ പ്രിന്റൗട്ട് എടുത്ത ശേഷം അതിൽ അപ്‌ലോഡ് ചെയ്തതിന് സമാനമായ പാസ്പോർട്ട് സൈസ് ഫോട്ടോ പതിച്ച് ഗസറ്റഡ് ഓഫീസറെ കൊണ്ട് അറ്റസ്റ്റ് ചെയ്യിക്കേണ്ടതാണ്. തുടർന്ന് അപേക്ഷ അനുബന്ധ രേഖകൾ സഹിതം A4 സൈസ് കവറിൽ രജിസ്ട്രേഡ് തപാൽ/സ്പീഡ് പോസ്റ്റ് മുഖാന്തിരമോ, നേരിട്ടോ **07.08.2013 വൈകുന്നേരം 5** മണിക്കു മുമ്പ് **കമ്മീഷണർ ഫോർ എൻട്രൻസ് എക്സാമിനേഷൻസ്, ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം-695001** എന്ന വിലാസത്തിൽ എത്തിക്കേണ്ടതാണ്. അപേക്ഷ അടങ്ങിയ കവറിന് പുറത്ത് മുകളിലായി **"<u>2013-ത്രിവൽസര എൽ എൽ.ബി കോഴ്സ് പ്രവേശന പരീക്ഷയ്ക്കുള്ള അപേക്ഷ</u>"** എന്ന് രേഖപ്പെടുത്തേണ്ടതാണ്.

7. നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല. തപാൽ ലഭിക്കുന്നതിനുള്ള കാലതാമസത്തിന് കമ്മീഷണർ ഉത്തരവാദിയായിരിക്കുന്നതല്ല. അപൂർണ്ണമായതോ, തെറ്റായി പൂരിപ്പിച്ചതോ ആയ അപേക്ഷകൾ നിരസിക്കുന്നതാണ്. ഇത് സംബന്ധിച്ച് യാതൊരു കത്തിടപാടുകളും നടത്തുന്നതല്ല.

8. അപേക്ഷസമർപ്പിച്ചതിനു ശേഷം പുതിയ വിവരങ്ങൾ അപേക്ഷയിൽ ഉൾപ്പെടുത്താനോ ഏതെങ്കിലും തരത്തിലുള്ള സംവരണ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ സമർപ്പിക്കുവാനോ അപേക്ഷകരെ അനുവദിക്കുന്നതല്ല. ഇതിലേയ്ക്കുള്ള അപേക്ഷകളോ, ഇത്തരം സർട്ടിഫിക്കറ്റുകളോ യാതൊരു കാരണവശാലും പ്രവേശന പരീക്ഷാകമ്മീഷണറുടെ ഓഫീസിൽ സ്വീകരിക്കുന്നതല്ല.

9. അപേക്ഷാഫോമിൽ നിശ്ചിതഭാഗത്ത് ലഭ്യമാക്കണമെന്ന് വ്യവസ്ഥ ചെയ്തിട്ടുള്ള വിവിധ സർട്ടിഫിക്കറ്റുകൾ അപേക്ഷാഫോമിനോടൊപ്പം ഉൾകൊള്ളിച്ചിട്ടുള്ള നിശ്ചിത പ്രഫോർമകളിൽ തന്നെ സമർപ്പിക്കേണ്ടതാണ്. ആ മാതൃകയിലുള്ള സർട്ടിഫിക്കറ്റുകൾ പ്രത്യേകമായി അപേക്ഷയോടൊപ്പം സമർപ്പിച്ചാൽ അവ ബന്ധപ്പെട്ട ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് പരിഗണിക്കുന്നതല്ല.

10. **<u>അഡ്മിറ്റ് കാർഡ്:</u>** പരീക്ഷയ്ക്ക് ഓൺലൈൻ വഴി രജിസ്റ്റർ ചെയ്ത അപേക്ഷകർക്ക് അവരുടെ അഡ്മിറ്റ് കാർഡ് **16.08.2013** മുതൽ **<u>www.cee.kerala.gov.in</u>** എന്ന പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാവുന്നതാണ്. ഈ അഡ്മിറ്റ് കാർഡാണ് പരീക്ഷാ ഹാളിൽ കൊണ്ടുവരേണ്ടത്.

11. **<u>സീറ്റ് അലോട്ട്മെന്റ്:</u>** പ്രവേശന പരീക്ഷാഫലം പ്രസിദ്ധീകരിച്ച ശേഷം റാങ്കിന്റെ അടിസ്ഥാനത്തിൽ, അപേക്ഷകർ രേഖപ്പെടുത്തുന്ന കോളേജുകളുടെ താൽപര്യ മുൻഗണനാ ക്രമമനുസരിച്ച് കോഴ്സിന്റെ പ്രവേശനത്തിനുള്ള കേന്ദ്രീകൃത ഓൺലൈൻ അലോട്ട്മെന്റ് നടത്തുന്നതാണ്. കേന്ദ്രീകൃത അലോട്ട്മെന്റിന്റെ വിശദാംശങ്ങൾ വെബ്സൈറ്റിലും പ്രമുഖ ദിനപത്രങ്ങളിലും പ്രസിദ്ധീകരിക്കുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് വ്യക്തിപരമായ കത്തിടപാടുകൾ നടത്തുന്നതല്ല.

12. 2013-14 ത്രിവത്സര എൽഎൽ.ബി. കോഴ്സിലേയ്ക്കുള്ള പ്രവേശന പരീക്ഷയും അലോട്ടുമെന്റും പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള പ്രോസ്പെക്ടസിലെ നിബന്ധനകൾക്ക് വിധേയമായിരിക്കും. അപേക്ഷ സമർപ്പിക്കുന്നതിന് മുമ്പ് ഇത് ശ്രദ്ധാപൂർവ്വം വായിക്കേണ്ടതാണ്.

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
23.07.2013